സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ഷേത്ര ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേക്കുള്ള തസ്തികമാറ്റം - ആർജ്ജിതാവധി എസ്റ്റാബ്ലിഷ്മെന്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന സംഗതി - നിലവിലെ വ്യവസ്ഥ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 3518/11/Est-2 നന്തൻകോട്, 13/4/2017

---

പരാമർശം :- 1) 31-12-2014 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 27-06-2016 ലെ ROC 8440/16/Est(C) നമ്പർ റിപ്പോർട്ട്.
3) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 30-12-2016 ലെ റിമാർക്ക്സ്.

## ഉത്തരവ്

ക്ഷേത്ര ജീവനക്കാരായിരുന്ന് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേക്ക് നിയമനം ലഭിച്ചാൽ ക്ഷേത്രജീവന സർവ്വീസിലെ ആർജ്ജിതാവധി എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കും പ്രകാരം മൂന്ന് പ്രധാന വ്യവസ്ഥകൾ ആണ് പ്രാബല്യത്തിൽ ഉള്ളത് (പരാമർശം -1).

1. ക്ഷേത്രജീവന സർവ്വീസിലെ ആർജ്ജിതാവധി പരമാവധി 150 ദിവസം ടെർമിനൽ സറണ്ടറിന് അനുവാദമുണ്ടായിരിക്കും.
2. എസ്റ്റാബ്ലിഷ്മെന്റ് സർവ്വീസിലേയും ക്ഷേത്രജീവന സർവ്വീസിലേയും ആകെ ടെർമിനൽ സറണ്ടർ ആനുകൂല്യത്തിനുള്ള ആർജ്ജിതാവധി 300 ദിവസമായിരിക്കും.
3. ക്ഷേത്ര ജീവന സർവ്വീസിലെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് ക്ഷേത്ര ജീവന സർവ്വീസിൽ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തെ ആധാരമാക്കിയായിരിക്കും.

ക്ഷേത്ര ജീവനക്കാരൻ ആയിരുന്ന് പ്രൊമോഷൻ ലഭിച്ച് സബ്ഗ്രൂപ്പ് ആഫീസർ-കം-ക്ലാർക്ക് ആയി സർവ്വീസിൽ നിന്നും വിരമിക്കുന്ന ഒരു ജീവനക്കാരന് നിലവിലുള്ള ഉത്തരവുപ്രകാരം വർഷങ്ങൾക്ക്മുമ്പ് വാങ്ങിയിരുന്ന ക്ഷേത്രജീവന സർവ്വീസിലെ അടിസ്ഥാന ശമ്പളത്തെ ആധാരമാക്കി ടെർമിനൽ സറണ്ടർ കണക്കാക്കുമ്പോൾ ക്ഷേത്ര ജീവനക്കാരനായിരുന്ന് വിരമിക്കുമ്പോൾ ലഭിക്കുന്നതിനേക്കാൾ തുക കുറവാണ് ലഭിക്കുന്നതെന്നതിനാൽ പരാമർശം 1 ബോർഡുത്തരവിലെ മൂന്നാമത്തെ വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന അപേക്ഷയെ തുടർന്ന് ലഭിച്ച ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും (പരാമർശം -2) ഇക്കാര്യം സംബന്ധിച്ച ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും (പരാമർശം - 3) പരിശോധിച്ച് ചർച്ച

(മറുപുറം)

ചെയ്ത് ക്ഷേത്രജീവന സർവ്വീസിലെ ആർജ്ജിതാവധി എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 31-12-2014 തീയതിയിലെ ROC 3518/11/Est-2 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിലെ മൂന്നാമത്തെ വ്യവസ്ഥ ഭേദഗതി ചെയ്ത് "ജീവനക്കാരൻ വിരമിക്കുന്ന സമയത്തെ അടിസ്ഥാന ശമ്പളത്തെ ആസ്പദമാക്കി ടെർമിനൽ സറണ്ടർ അനുവദിക്കാം" എന്ന് ഭേദഗതി ചെയ്ത് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

SK